# ലേബർ കമ്മീഷണറുടെ കാര്യാലയത്തിലെ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടിക്രമം

(ഹാജർ : സുനിൽകുമാർ.സി.വി)

വിഷയം: തൊഴിൽ വകുപ്പ്- ഭരണ നിർവ്വഹണം-ഹെഡ് ക്ലാർക്ക്/ജൂനിയർ സൂപ്രണ്ട് തസ്തികയിലേയ്ക്ക് സ്ഥാനകയറ്റം അനുവദിച്ച് ഉത്തരവാകുന്നു.

പരാമർശം :

1) സ.ഉ(സാധാ) നം.1200/2022/തൊഴിൽ തീയതി 07/10/2022.

2) ലേബർ കമ്മീഷണറുടെ കാര്യാലയത്തിൽ നിന്നുള്ള 26/10/2022 തീയതിയിലെ LCO/3731/2022/ഇ(2) നമ്പർ ഉത്തരവ്.

3) കേരള തയ്യൽ തൊഴിലാളി ക്ഷേമ ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ കാര്യാലയത്തിൽ നിന്നുള്ള 19/10/2022 തീയതിയിലെ TWWFB-CEO/27/22/B1 നമ്പർ ഉത്തരവ്.

4) ഇടുക്കി ജില്ലാ ലേബർ ഓഫീസറുടെ കാര്യാലയത്തിൽ നിന്നുള്ള 01/11/2022 തീയതിയിലെ ഇ/6965/22 നമ്പർ ഉത്തരവ്.

5) ഈ കാര്യാലയത്തിൽ നിന്നുള്ള സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ 24/05/2021 തീയതിയിലെ ഇ2/5175/2018 നമ്പർ ഉത്തരവ്.

---

**ഉത്തരവ് നമ്പർ LCO-3656/2022/ഇ2 തിരുവനന്തപുരം തീയതി : 29 /11/2022**

---

തൊഴിൽ വകുപ്പിലെ ഇടുക്കി ജില്ലാ ലേബർ ഓഫീസറുടെ കാര്യാലയത്തിലെ ജൂനിയർ സൂപ്രണ്ട് ശ്രീമതി ചന്ദന പി.എസ്-ന് കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ തൃശ്ശൂർ ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർ തസ്തികയിലേക്ക് പരാമർശം (1) പ്രകാരം അന്യത്ര സേവനം അനുവദിച്ച് സർക്കാർ ഉത്തരവായതിനെ തുടർന്ന് വകുപ്പിലുണ്ടായ ജൂനിയർ സൂപ്രണ്ട് തസ്തികയിലെ ഒഴിവിലേയ്ക്ക് 1958-ലെ കേരള സ്റ്റേറ്റ് സബോർഡിനേറ്റ് സർവ്വീസസ്സ് റൂൾ 28(ബി) (ii) യിലെ വ്യവസ്ഥകൾക്ക് വിധേയ മായി സ്ഥിരാടിസ്ഥാനത്തിൽ (Regular basis) 43400-91200 ശമ്പള സ്കെയിലിൽ താഴെ പറയും പ്രകാരം സ്ഥാനകയറ്റം നൽകി നിയമിച്ച് ഉത്തരവാകുന്നു.

| സ്ഥാനക്കയറ്റം | | | |
|---|---|---|---|
| ക്രമ നമ്പർ | പേര്, തസ്തിക | സ്ഥാനക്കയറ്റം നൽകി നിയമിക്കുന്ന തസ്തിക, ഓഫീസ് | കുറിപ്പ് |
| 1 | ശ്രീ.മുരളി. എം (പെൻ.394638) ഹെഡ് ക്ലാർക്ക്, ജില്ലാ ലേബർ ഓഫീസ്, വയനാട് | ജൂനിയർ സൂപ്രണ്ട് ജില്ലാ ലേബർ ഓഫീസ് ഇടുക്കി | ഇടുക്കി ജില്ലാ ലേബർ ഓഫീസറുടെ കാര്യാലയത്തിലെ ജൂനിയർ സൂപ്രണ്ട് ശ്രീമതി.ചന്ദന പി.എസ്-ന് കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ് തൃശ്ശൂർ ജില്ലാ എക്സിക്യൂട്ടീവ് ഓഫീസറായി അന്യത്ര സേവനം ലഭിച്ച് വിടുതൽ ചെയ്തത് വഴി ഉണ്ടായ ഒഴിവിൽ ജൂനിയർ സൂപ്രണ്ടായി സ്ഥാനക്കയറ്റം നൽകി നിയമിക്കുന്നു. |

മേൽ ജൂനിയർ സൂപ്രണ്ട് ആയി സ്ഥാനക്കയറ്റം അനുവദിച്ചതു വഴി വകുപ്പിൽ ഹെഡ് ക്ലാർക്ക് തസ്തികയിൽ ഉണ്ടായ ഒഴിവിലേയ്ക്ക് സീനിയർ ക്ലാർക്കുമാരിൽ മിനിസ്റ്റീരിയൽ വിഭാഗം സ്ഥാനക്കയറ്റത്തിലേയ്ക്ക് ഓപ്ഷൻ നൽകിയ സീനിയർ ക്ലാർക്കുമാരിൽ സീനിയർ ആയ ശ്രീമതി. പ്രജ്ജ്വല എൻ.വി -യ്ക്ക് പരാമർശം (5) പ്രകാരം 21/05/2021 മുതൽ 20/05/2022ഒരു വർഷത്തേയ്ക്ക് സ്ഥാനക്കയറ്റം ത്യജിച്ച് ( Relinquish )ചെയ്ത് ഉത്തരവായിരുന്ന കാലാവധി അവസാനിച്ചിരിക്കുന്ന സാഹചര്യത്തിൽ സീനിയർ ക്ലാർക്കായ ടിയാരിയെ 1958-ലെ കേരള സ്റ്റേറ്റ് സബോർഡിനേറ്റ് സർവ്വീസസ്സ് റൂൾ 28(ബി) (ii) യിലെ വ്യവസ്ഥകൾക്ക് വിധേയ മായി 39300-83000 ശമ്പള സ്കെയിലിൽ ഹെഡ് ക്ലാർക്ക് തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം നൽകിയും ഉത്തരവ് പുറപ്പെടുവിക്കുന്നു

| സ്ഥാനകയറ്റം | | | |
|---|---|---|---|
| ക്രമ നമ്പർ | പേര്, തസ്തിക | സ്ഥാനകയറ്റം നൽകി നിയമിക്കുന്ന തസ്തിക, ഓഫീസ് | കുറിപ്പ് |
| 1 | ശ്രീമതി.പ്രജ്ജ്വല എൻ.വി<br>പെൻ 381613<br>സീനിയർ ക്ലാർക്ക്,<br>ജില്ലാ ലേബർ ഓഫീസ്,<br>കണ്ണൂർ | ഹെഡ് ക്ലാർക്ക്,<br>ജില്ലാ ലേബർ ഓഫീസ്<br>വയനാട് | ശ്രീ.മുരളി.എം-ന് ജൂനിയർ സൂപ്രണ്ടായി സ്ഥാനക്കയറ്റം അനുവദിച്ചതു വഴി ഉണ്ടായ ഒഴിവിൽ സ്ഥാനക്കയറ്റം നൽകി നിയമിക്കുന്നു. |

നിയന്ത്രണാധികാരികൾ ടി ഉത്തരവുകൾ അടിയന്തരമായി നടപ്പിലാക്കി ആയത് ഈ കാര്യാലയത്തിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്. ടി ഉത്തരവ് സംബന്ധിച്ച് സർവ്വീസ് പുസ്തകത്തിലും സ്പാർക്കിലും ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തേണ്ടതാണ്.

(ഒപ്പ്)
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

ബന്ധപ്പെട്ടവർക്ക്(വെബ്സൈറ്റ് മുഖാന്തിരം)

പകർപ്പ്:-
1) പി.എ.റ്റു ലേബർ കമ്മീഷണർ
2) റീജിയണൽ ജോയിന്റ് ലേബർ കമ്മീഷണർ,
എറണാകുളം, കോഴിക്കോട്
3) ജില്ലാ ലേബർ ഓഫീസർ,
കണ്ണൂർ, വയനാട്, ഇടുക്കി
4) അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്
സീനിയർ സൂപ്രണ്ട്(ഇ)
6) ജൂനിയർ സൂപ്രണ്ട്(ഇ)
8) ഫയൽ/സ്റ്റോക്ക് ഫയൽ

ഉത്തരവിൻപ്രകാരം

സീനിയർ സൂപ്രണ്ട് (ഇ)

ജെ.സി 18/11/2022